**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3212** **01-03-2023 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി. ബുക്കിൽ പഠനവൈകല്യം രേഖപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇത്തവണ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളിൽ പഠനവൈകല്യമുള്ള കുട്ടികളുടെ എസ്.എസ്.എൽ.സി. ബുക്കിൽ പഠനവൈകല്യം ഉള്ള കുട്ടി എന്ന് രേഖപ്പെടുത്തുന്നുണ്ടോ; | (എ) | **ഇല്ല** |
| (ബി) | എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് പഠനവൈകല്യം ഉണ്ടെങ്കിൽ അത് കണ്ടെത്തി സാക്ഷ്യപ്പെടുത്താനുള്ള അധികാരം ആർക്കാണെന്ന് അറിയിക്കാമോ; | (ബി) | **മെഡിക്കൽ ബോർഡ്/ മെഡിക്കൽ അതോറിറ്റിയിൽ അംഗങ്ങളായ ഡോക്ടർമാർക്ക് ആണ് സാക്ഷ്യപ്പെടുത്താനുള്ള അധികാരം.** |
| (സി) | സ്വകാര്യ ആശുപത്രികളിൽ ജോലിചെയ്യുന്ന ഡോക്ടർമാർ ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകിയാൽ അത് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിനായി പരിഗണിക്കുന്നുണ്ടോ; | (സി) | എസ്.എസ്.എൽ.സി മാർഗ്ഗരേഖ പ്രകാരം അംഗീകൃത ഗവൺമെന്റ് ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റാണ് പരിഗണിക്കുന്നത്. |
| (ഡി) | എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികളുടെ പഠനവൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ഡി) | 29-08-2022 ലെ കത്ത് നം. ഐ.ഇ.ഡി/618332/2022/ഡി.ജി.ഇ. പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രസ്തുത കുട്ടികൾക്ക് മെഡിക്കൽ പരിശോധന ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ എല്ലാ പൊതുവിദ്യാലയങ്ങളിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളും പാലിക്കേണ്ട സമയക്രമവും ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ പൊതു വിദ്യാലയങ്ങളിലും സ്ഥാപന മേധാവിയുടെ നേതൃത്വത്തിൽ സ്പെസിഫിക് ലേണിംഗ് ഡിസ്എബിലിറ്റി സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും, അദ്ധ്യാപക പ്രതിനിധികൾ, രക്ഷാകർത്താക്കളുടെ പ്രതിനിധി, റിസോഴ്സ് അദ്ധ്യാപകർ, ലഭ്യമാകുന്ന സ്ഥലങ്ങളിൽ ക്ലിനിക്കൽ/ റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, പീഡിയാട്രീഷൻ എന്നിവരെ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | ഓഫീസറുടെ ചുമതലയിൽ സ്ക്രീനിംഗ് കമ്മിറ്റി കണ്ടെത്തിയ സ്പെസിഫിക് ലേണിംഗ് ഡിസ്എബിലിറ്റി സംശയിക്കുന്ന കുട്ടികളുടെ പട്ടിക സ്കൂളുകളിൽ തയ്യാറാക്കിയത് സ്ക്രീനിംഗ് കമ്മിറ്റിയുടെ ശിപാർശയോടുകൂടി ബി.ആർ.സികളിൽ ക്രോഡീകരിച്ച് മെഡിക്കൽ ബോർഡിന് സമർപ്പിക്കുന്നതിനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നതിനു ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത്, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സമഗ്ര ശിക്ഷാ കേരള, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ജില്ലാ ഓഫീസർ (സാമൂഹ്യ നീതി വകുപ്പ്) എന്നിവരുടെ യോഗം ചേരുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ